21/ലഷ്.

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - വസ്തുനികുതി പരിഷ്ക്കരണം - നടപടികളുടെ സമയക്രമം - മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു. .

**തദ്ദേശ സ്വയം ഭരണ (എഫ്എം) വകുപ്പ്**

സ.ഉ.(സാധാരണ) നം. **2414**/2011/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം: 20.10.2011.

പരാമർശം:- 1) 14.01.2011-ലെ (പി) 17/11/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവ്.
2) 14.01.2011-ലെ (അ) 18/11/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവ്.
3) 14.01.2011-ലെ (പി) 19/11/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവ്.
4) 14.01.2011-ലെ (അ) 20/11/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവ്.

**ഉത്തരവ്**

2011-ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ എന്നിവ സൂചന സർക്കാർ ഉത്തരവുകൾ യഥാക്രമം രണ്ട്, നാല് എന്നിവ പ്രകാരം 2011 ഏപ്രിൽ ഒന്ന് മുതൽ പ്രാബല്യത്തിൽ വിജ്ഞാപനം പുറപ്പെടുവിക്കുകയുണ്ടായി. ഗ്രാമ പഞ്ചായത്തുകളിലും നഗരസഭകളിലും ഉപയോഗ ക്രമമനുസരിച്ച് ഓരോ ഇനം കെട്ടിടത്തിനും അതിന്റെ ഉപവിഭാഗങ്ങൾക്കും ഒരു ച.മീറ്റർ തറവിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തു നികുതി നിരക്കുകളുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികൾ സൂചന ഒന്നും മൂന്നും സർക്കാർ ഉത്തരവുകൾ പ്രകാരം നിർണ്ണയിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

2. ഈ സാഹചര്യത്തിൽ 2010-ലെ വാർഡ് വിഭജനത്തിന്റെ അടിസ്ഥാനത്തിൽ ഓരോ കെട്ടിടങ്ങൾക്കും നമ്പർ പ്ലേറ്റ് പതിച്ച് വസ്തു നികുതി നിർണ്ണയ റിട്ടേൺ രജിസ്റ്റർ തയ്യാറാക്കി 31.03.2012-ന് മുമ്പ് വസ്തു നികുതി വസൂലാക്കുന്നതിനായി താഴെ പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവാകുന്നു.

1. വസ്തുനികുതി ചുമത്തുന്നതിന് എല്ലാ കെട്ടിടങ്ങൾക്കും 2010-ലെ വാർഡ് വിഭജനത്തിന്റെ അടിസ്ഥാനത്തിൽ പുതിയ നമ്പർ നൽകി വിവരശേഖരണം നടത്തി വസ്തു നികുതി നിർണ്ണയ രജിസ്റ്റർ എഴുതി തയ്യാറാക്കേണ്ടതിനാൽ നമ്പർ പതിക്കുന്നതിനുള്ള 8.5 സെന്റിമീറ്റർ നീളവും 5.5 സെന്റിമീറ്റർ വീതിയും 0.3 മില്ലി മീറ്റർ കനവുമുള്ള പി.വി.സി. നിർമ്മിത നമ്പർ പ്ലേറ്റുകൾ ദർഘാസുകൾ ക്ഷണിച്ച് നിലവിലുള്ള നടപടിക്രമങ്ങൾ പാലിച്ച് വാങ്ങുന്നതിന് പ്ലേറ്റ് ഒന്നിന് പരമാവധി 3.50 രൂപ നിരക്കിൽ നിയമാനുസൃതം ഗ്രാമ പഞ്ചായത്ത് / നഗരസഭാ ഫണ്ടിൽ നിന്നും ചെലവ് ചെയ്യാവുന്നതാണ്. പഞ്ചായത്ത് പ്രദേശങ്ങളിൽ കെട്ടിട നമ്പർ പതിപ്പിക്കുന്നത് മഞ്ഞ പശ്ചാത്തലത്തിൽ കറുത്ത അക്ഷരത്തിലായിരിക്കേണ്ടതാണ്. നഗരസഭാ പ്രദേശങ്ങളിൽ നിലവിലെ രീതി തുടർന്നും അവലംബിക്കാവുന്നതാണ്.

2. ഓരോ കെട്ടിടത്തിലും നമ്പർ പ്ലേറ്റുകൾ പതിപ്പിക്കുന്നതിന് മൂന്ന് രൂപ ക്രമത്തിൽ ചെലവ് ചെയ്യാവുന്നതാണ്. നമ്പർ പ്ലേറ്റുകൾ അതാതു തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ ജീവനക്കാരുടെ ചുമതലയിൽ പതിപ്പിയ്ക്കേണ്ടതാണ്.

3. കെട്ടിടങ്ങളുടെ അടിസ്ഥാന വിവരങ്ങൾ തിട്ടപ്പെടുത്തി എഴുതി ശേഖരിക്കുന്നതിനും വിവരം നികുതിദായകരെ ഒരു പ്രതി നൽകി അറിയിക്കുന്നതിനും കെട്ടിടം ഒന്നിന് 8 രൂപയും ഹിൽട്രാക്റ്റിന്റെ പരിധിയിൽ വരുന്ന പ്രദേശങ്ങളിലെ വിവരശേഖരണത്തിന് കെട്ടിടം ഒന്നിന് 30% അധികതുകയും അനുവദിക്കാവുന്നതാണ്. ഇത് ഐ.കെ.എം നൽകുന്ന സഞ്ചയ സോഫ്റ്റ് വെയർ ഉപയോഗിച്ച് ഓൺലൈനായും അന്നന്നുതന്നെ രേഖപ്പെടുത്തേണ്ടതാണ്.

4. ഓരോ കെട്ടിടത്തിന്റെയും അടിസ്ഥാന വിവരങ്ങൾ വസ്തു നികുതി നിർണ്ണയ റിട്ടേൺ രജിസ്റ്ററിൽ പകർത്തി എഴുതുന്നതിന് പുറമേ വസ്തു നികുതി നിർണ്ണയ അസസ്മെന്റ് രജിസ്റ്റർ, വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ എന്നിവ എഴുതി തയ്യാറാക്കുന്നതിന് കെട്ടിടം ഒന്നിന് ഒരു രൂപ ക്രമത്തിൽ അനുവദിയ്ക്കാവുന്നതാണ്.

5. മേൽ ഖണ്ഡിക 4-ൽ സൂചിപ്പിച്ച രജിസ്റ്ററുകൾ എഴുതി തയ്യാറാക്കുന്നതിന് പുറമേ നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങളുടെ വിവരങ്ങൾ 2011-ലെ വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലെ ചട്ടം 20-ൽ വിവരിച്ചിട്ടുള്ള പ്രകാരം ഫാറം 10-ലുള്ള രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

3. 2011-ലെ വസ്തു നികുതി സേവന ഉപനികുതിയും സർചാർജും ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ വസ്തു നികുതി വസൂലാക്കുന്നതിന് കെട്ടിടങ്ങൾക്ക് 2010-ലെ വാർഡ് വിഭജനത്തിന്റെ അടിസ്ഥാനത്തിൽ നമ്പർ പതിപ്പിക്കുക, കെട്ടിടങ്ങളുടെ അടിസ്ഥാന വിവരശേഖരണം നടത്തുക തുടങ്ങിയ പ്രക്രിയകൾക്ക് താഴെ പറയുന്നവിധം സമയക്രമം പാലിക്കേണ്ടതാണ്.

| | | |
|---|---|---|
| 1 | ഒരു ച.മീറ്റർ വിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തു നികുതി നിർണ്ണയിക്കൽ, മേഖലാ വിഭജനം (പ്രഥമം, ദ്വിതീയം, ത്രിതീയം) റോഡുകളുടെ തരംതിരിക്കൽ, പൊതുജനങ്ങളുടെ അറിവിലേയ്ക്കായി പ്രസിദ്ധപ്പെടുത്തൽ. | 30.10.2011 |
| 2 | മേഖലാ വിഭജനം, റോഡുകളുടെ തരംതിരിക്കൽ, അടിസ്ഥാന വസ്തു നികുതി നിർണ്ണയം എന്നിവ സംബന്ധിച്ച ആക്ഷേപങ്ങൾ സ്വീകരിക്കുന്ന അവസാന തീയതി | 10.12.2011 |
| 3 | നമ്പർ പ്ലേറ്റ് വാങ്ങൽ | 30.11.2011 |
| 4 | ആക്ഷേപങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ തീർപ്പാക്കുന്നതിനുള്ള അവസാന തീയതി | 20.12.2011 |
| 5 | മേഖലാ വിഭജനം, റോഡുകളുടെ തരംതിരിക്കൽ അടിസ്ഥാന വസ്തു നികുതി എന്നിവ അന്തിമമായി നിശ്ചയിക്കുന്നത് | 30.12.2011 |
| 6 | നികുതി നിർണ്ണയം സംബന്ധിച്ചുള്ള പൊതു അറിയിപ്പ് | 10.01.2012 |
| 7 | നമ്പർ പ്ലേറ്റ് പതിക്കൽ | 20.01.2012 |
| 8 | കെട്ടിട ഉടമകൾ റിട്ടേൺ സമർപ്പിക്കേണ്ട അവസാന തീയതി | 31.01.2012 |
| 9 | അസസ്സ്മെന്റ് രജിസ്റ്റർ തയ്യാറാക്കൽ | 15.02.2012 |
| 10 | നികുതി ദായകർക്ക് ഡിമാന്റ് നോട്ടീസ് നൽകൽ | 29.02.2012 |

4. 01.04.2011 മുതൽ പുതിയ നിരക്ക് പ്രാബല്യമാണ്. എന്നാൽ വസ്തു നികുതി പരിഷ്ക്കരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാകുന്നതുവരെ നിലവിലുള്ള നിരക്കിൽ നികുതി ഈടാക്കേണ്ടതും നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് പഴയനിരക്കിൽ ഈടാക്കിയതിലെ അപാകം (കൂടുതൽ / കുറവ്) പിന്നീട് ഒടുക്കേണ്ട നികുതിയിൽ അഡ്ജസ്റ്റ് ചെയ്യേണ്ടതുമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
ജെയിംസ് വർഗ്ഗീസ്,
പ്രിൻസിപ്പൽ സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യഡയറക്ടർ, തിരുവനന്തപുരം.
മുഖ്യ നഗരാസൂത്രകൻ, തിരുവനന്തപുരം.
} പകർപ്പ് ബന്ധപ്പെട്ട തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് നൽകേണ്ടതാണ്.

സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ആഫീസർ, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (മേൽ പട്ടികയിൽ പറഞ്ഞിരിക്കുന്ന പ്രക്രിയകൾക്ക് ആവശ്യമായ കമ്പ്യൂട്ടർ സോഫ്റ്റ്വെയർ, വെബ്സൈറ്റിൽ പ്രസിദ്ധീകരണം / അസസ്മെന്റ് രജിസ്റ്റർ - വിവര ശേഖരണം/ ഡിമാന്റ് നോട്ടീസ് എന്നീ കാര്യങ്ങളുൾപ്പെടെയുള്ള ഓൺലൈൻ പിന്തുണ സംവിധാനം ഉറപ്പാക്കുന്നതിന്.)
പ്രോജക്ട് ഡയറക്ടർ, കെ.എസ്.യു.ഡി.പി., തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ് ഡിപ്പാർട്ട്മെന്റ്, തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റ്, തിരുവനന്തപുരം. (വെബ്സൈറ്റുകളിലൂടെയും മറ്റ് മാധ്യമങ്ങളിലൂടെയും പ്രാധാന്യത്തോടെ പൊതുജന ശ്രദ്ധയിൽ കൊണ്ട് വരുന്നതിന്).
സ്റ്റോക്ക് ഫയൽ // ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.